# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6301 03.04..2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര | | ശ്രീ.എ.കെ. ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | ഈ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ എത്ര ഉന്നതതല യോഗം ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗം 12.10.2017-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്തിരുന്നു. യോഗം ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയിട്ടുണ്ട്. |
| ബി) | പ്രസ്തുത യോഗത്തിലെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ബി) | പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## 12/10/2017-ന് ഉച്ചയ്ക്ക് 3 മണിയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്

യോഗം 3 മണിയ്ക്ക് ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും അദ്ധ്യക്ഷൻ സ്വാഗതം ചെയ്തു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു.

| Sl. No. | Name | Designation |
|---|---|---|
| 1 | ശ്രീ. ചിറ്റയം ഗോപകുമാർ | എം.എൽ.എ |
| 2 | ശ്രീമതി. ഗീതാ ഗോപി | എം.എൽ.എ |
| 3 | ശ്രീ. രാജേന്ദ്രൻ | എം.എൽ.എ |
| 4 | ശ്രീ. പുരുഷൻ കടലുണ്ടി | എം.എൽ.എ |
| 5 | ശ്രീ. ആർ. രാജേഷ് | എം.എൽ.എ |
| 6 | ശ്രീ. യു.ആർ. പ്രദീപ് | എം.എൽ.എ |
| 7 | ശ്രീ. കോവൂർ കുഞ്ഞുമോൻ | എം.എൽ.എ |
| 8 | ഡോ. കെ.എം. എബ്രഹാം | ചീഫ് സെക്രട്ടറി |
| 9 | ശ്രീ. സുബ്രത ബിശ്വാസ് | അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് |
| 10 | ശ്രീ. പി.വേണുഗോപാൽ | സെക്രട്ടറി,(i/c) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് |
| 11 | ശ്രീ. എസ്. ആനന്ദ കൃഷ്ണൻ | എ.ഡി.ജി.പി ഹെഡ് ക്വാർട്ടേഴ്സ് |
| 12 | ജഡ്ജ് (Rtd) പി.എൻ.വിജയകുമാർ | ചെയർമാൻ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ |
| 13 | ശ്രീ. പി.എം. അലി അസ്ഗർ പാഷ | ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് |
| 14 | ഡോ. പി.പുകഴേന്തി | ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് |
| 15 | ശ്രീ.കെ.എം. ആന്റോ | സൂപ്രണ്ട് ഓഫ് പോലീസ്, സ്പെഷ്യൽ സെൽ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ് |
| 16 | ശ്രീമതി. ബീനകുമാരി.എസ് | ജോയിന്റ് സെക്രട്ടറി |

അജണ്ടയിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ ചർച്ച നടത്തുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

| | |
|---|---|
| **അജണ്ട-1**<br>22.12.2014- ലെ സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ യോഗ നടപടിക്കുറിപ്പ് അംഗീകരിക്കൽ | 22.12.2014-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഭേദഗതികളൊന്നുമില്ലാതെ അംഗീകരിച്ചു.<br>നടപടിക്കുറിപ്പിൽ നിർദ്ദേശിച്ചിരുന്ന തനുസരിച്ച് അതിക്രമത്തിനിരയാകുന്ന പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസ ത്തിനായി 2.48 കോടി രൂപയുടെ വികസന പദ്ധതി സംസ്ഥാനതല വർക്കിങ് ഗ്രൂപ്പിൽ വയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.<br>**(നടപടി: പട്ടികജാതി വികസന വകുപ്പ് ഡയറക്ടർമാർ)**<br>വയനാട്ടിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് കുറയ്ക്കുന്നതിനായി ഗോത്ര ബന്ധു പദ്ധതിയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 241 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നും ഗോത്രഭാഷ അറിയാവുന്ന അഭ്യസ്ത വിദ്യരായ മുഴുവൻ പേർക്കും ജോലി നല്കുമെന്നും ഈ പദ്ധതി സംസ്ഥാന വ്യാപകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനു വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണ മെന്നും അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.<br>**(നടപടി: ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്)**<br>വയനാട്ടിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടത്തിപ്പ് ചെലവ് നൽകി ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടായി. |
| **അജണ്ട-2**<br>അതിക്രമങ്ങൾ തടയൽ നിയമം, 1989, PCR Act 1955 പ്രകാരം 2015-16, 2016-17 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ അവലോകനം | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം 2014 മുതൽ 2017 ജൂൺ വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ വിവരം യോഗം വിലയിരുത്തി. ടി കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്ന തിലുണ്ടാകുന്ന കാലതാമസം കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.<br>**(നടപടി: സംസ്ഥാന പോലീസ് മേധാവി)** |
| **അജണ്ട-3**<br>ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം അനുശാസിക്കുന്ന തരത്തിൽ എല്ലാ |

| | |
|---|---|
| കമ്മിറ്റി യോഗങ്ങളുടെ അവലോകനം | ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന ത്രൈമാസ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളുടെ വിവരം യോഗം വിലയിരുത്തി. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ മാത്രമെ 2016-ൽ 4 മീറ്റിംഗുകൾ നടത്തിയിട്ടുള്ളൂ. 2017-ൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ മാത്രമെ യോഗങ്ങൾ നടന്നിട്ടുള്ളൂ എന്ന് റിപ്പോർട്ടിൽ കാണുന്നതിനാൽ മറ്റ് ജില്ലകളെ സംബന്ധിച്ച് അതത് കളക്ടർമാർ വിശദീകരണം ലഭ്യമാക്കണമെന്ന് ബഹു.മന്ത്രി നിർദ്ദേശിച്ചു. യോഗങ്ങൾ വർഷത്തിൽ 4 തവണ കൃത്യമായി കൂടുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകാൻ തീരുമാനിച്ചു. |
| **അജണ്ട-4**<br><br>സ്പെഷ്യൽ കോടതികളുടെ പ്രവർത്തനം | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ വിചാരണ പൂർത്തിയാവാനുള്ളവയിൽ വിവിധ കോടതികളിൽ 2017 ജൂൺ വരെ കെട്ടിക്കിടക്കുന്ന കേസുകളുടെ വിവരം യോഗം വിലയിരുത്തി. കോടതികളിൽ കേസുകൾ വിധിയാകാനെടുക്കുന്ന കാലതാമസം കക്ഷികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>Special courts മറ്റു ജില്ലകളിൽ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു.<br>**(നടപടി: സംസ്ഥാന പോലീസ് മേധാവി)**<br>ആവശ്യമായ പഠനം നടത്തി സ്പെഷ്യൽ കോടതികളിൽ 3 special public prosecuter മാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത് നിയമിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകണമെന്ന് അറിയിച്ചു അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർക്ക് മുൻഗണന നൽകേണ്ടതാണ്.<br>**(നടപടി: അഡ്വക്കേറ്റ് ജനറൽ, എറണാകുളം)** |

| | |
|---|---|
| **അജണ്ട-5**<br>സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം | പാലക്കാട്, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം യോഗം വിലയിരുത്തി. സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾക്ക് സ്വതന്ത്ര ചുമതലയുള്ള ഡി.വൈ.എസ്.പി-മാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പുമായി കൂടിയാലോചിക്കണമെന്ന് നിർദ്ദേശിച്ചു<br>**(നടപടി: ആഭ്യന്തര വകുപ്പ്)** |
| **അജണ്ട-6**<br>മിശ്രവിവാഹ ധനസഹായ വിതരണം | മിശ്രവിവാഹ ധനസഹായം 50,000/-രൂപയിൽ നിന്നും 75,000/-രൂപയാക്കി വർദ്ധിപ്പിച്ചതായും, കൂടാതെ വാർഷിക വരുമാന പരിധി 50,000/-രൂപയിൽ നിന്നും 1,00,000/-രൂപയാക്കി വർദ്ധിപ്പിച്ചതായും യോഗം വിലയിരുത്തി. |
| **അജണ്ട-7**<br>അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ acquittal rate കൂടുകയും conviction rate കുറയുകയും ചെയ്യുന്നത്. | അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യു കേസുകളിൽ conviction rate ഗണ്യമായി കുറയുന്നത് സംബന്ധിച്ച് പോലീസ് മേധാവിയുടെ പ്രതിനിധിയോട് യോഗം വിശദീകരണം തേടി. കോടതികളിൽ നിന്നും പ്രതികൾ മുൻകൂർ ജാമ്യം വാങ്ങുന്ന പ്രവണത കൂടുതലാണെന്നും, പബ്ലിക് പ്രോസിക്യൂട്ടർമാർ ഇതിനെ ശക്തമായി എതിർക്കുന്നില്ല എന്നും ADGP വിശദീകരിച്ചു.<br>ഈ സാഹചര്യത്തിൽ പ്രതികൾ സാക്ഷികൾക്കും, വാദിക്കും ഭീഷണി ഉയർത്തുകയും തൽഫലമായി കേസ് withdraw ചെയ്യുക, മൊഴിമാറ്റിപറയുക, അല്ലെങ്കിൽ കേസ് compromise ചെയ്യുക എന്നീ പ്രവണതകൾ കാരണമാണ് conviction rate കുറയുന്നത് എന്ന് വിശദീകരണം നൽകി. |
| **അജണ്ട-8**<br>സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റു വിഷയങ്ങൾ | ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനും ആത്മഹത്യ ചെയ്യുന്നവരുടെ കുടുംബത്തിനും ടി വിഷയത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 50,000/-രൂപ വരെ ധനസഹായം നൽകുന്നുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു ചികിത്സാ ധനസഹായ വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി t-grant.Kerala.gov.in എന്ന പേരിൽ online സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുള്ളതായി |

| | |
|---|---|
| | അറിയിച്ചു.<br>ഭൂമി കൈയ്യേറ്റം/പണം കടം കൊടുക്കൽ വാങ്ങൽ എന്നിവ സംബന്ധിച്ചുള്ള പരാതികളിന്മേൽ സിവിൽ കോടതി നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അതിക്രമങ്ങൾ തടയൽ നിയമ പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു<br>**(നടപടി: സംസ്ഥാന പോലീസ് മേധാവി, ജില്ലാ പോലീസ് മേധാവികൾ/ജില്ലാ കളക്ടർമാർ)**<br>ജനപ്രതിനിധികൾ സംസ്ഥാന പോലീസ് മേധാവിയ്ക്കോ ഡി.വൈ.എസ്.പിയ്ക്കോ പരാതി നൽകിയാൽ അതിന് മറുപടി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു<br>**(നടപടി: സംസ്ഥാന പോലീസ് മേധാവി, ജില്ലാ മജിസ്ട്രേറ്റുമാർ, ജില്ലാ പോലീസ് മേധാവികൾ)** |

3.30-ന് യോഗം അവസാനിച്ചു